I/83016/2024

കേരള സർക്കാർ

<u>കേരള ഫിഷറീസ് വകുപ്പ് ഡയറക്ടറുടെ നടപടി ക്രമം, തിരുവനന്തപുരം</u>

വിഷയം:- ഫിഷറീസ് – ജീവനക്കാര്യം – ശ്രീമതി.രേഖ.പി.എസ്, സീനിയർ ക്ലാർക്ക് - ശൂന്യവേതന അവധിയുടെ കാലാവധി കഴിഞ്ഞു ജോലിയിൽ തിരികെ പ്രവേശിക്കാത്തത് - സർവീസിൽ നിന്നും നീക്കം ചെയ്യുകൊണ്ടും അച്ചടക്ക നടപടി തീർപ്പാക്കികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ഈ ഓഫീസിൽ നിന്നും ശ്രീമതി.രേഖ.പി.എസ്-ന നൽകിയ 10/02/2023-ലെ DFTVM/3844/2022-ജെ1 നമ്പർ ചാർജ് മെമ്മോ

2) ഫിഷറീസ് ജോയിന്റ് ഡയറക്ടർ (മദ്ധ്യ മേഖല), എറണാകുളത്തിന്റെ 22/06/2023-ലെ എ1/733/2012 നമ്പർ കത്ത്

3) ഫിഷറീസ് ജോയിന്റ് ഡയറക്ടർ (മദ്ധ്യ മേഖല), എറണാകുളത്തിന്റെ 18/08/2023-ലെ എ1/733/2012 നമ്പർ കത്ത്

4) ഫിഷറീസ് ഡയറക്ടറുടെ 15/09/2023-ലെ DFTVM/3844/2022-ജെ1 നമ്പർ ഉത്തരവ്

5) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (മേഖല), എറണാകുളത്തിന്റെ 17/10/2023-ലെ DDFEKM/894/2023-A1 നമ്പർ അന്വേഷണ റിപ്പോർട്ട്

6) ഈ ഓഫീസിൽ നിന്നും ശ്രീമതി.രേഖ.പി.എസ്-ന നൽകിയ 02/11/2023-ലെ DFTVM/3844/2022-ജെ1 നമ്പർ നോട്ടീസ്

7) ഫിഷറീസ് ജോയിന്റ് ഡയറക്ടർ (മദ്ധ്യ മേഖല), എറണാകുളത്തിന്റെ 12/12/2023-ലെ A1/733/2012 നമ്പർ കത്ത്

<u>*ഉത്തരവ് നമ്പർ .DFTVM/3844/2022-ജെ1 തീയതി:25-01-2024*</u>

ഫിഷറീസ് ജോയിന്റ് ഡയറക്ടർ (മദ്ധ്യ മേഖല), എറണാകുളം ഓഫീസിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി.രേഖ.പി.എസ് 01/11/2013 മുതൽ Appendix XII A, XII C, Part I KSR & GO(P)471/2012/Fin dated 23/08/2012-ന്റെ അടിസ്ഥാനത്തിൽ പങ്കാളിയോടൊപ്പം ചേരുന്നതിനുള്ള ശൂന്യവേതന അവധിയിൽ പ്രവേശിക്കുകയും അവധി ദീർഘിപ്പിച്ചുകൊണ്ട് 31/10/2022 വരെ തുടർച്ചയായ 9 വർഷം മേൽ പ്രസ്താവിത അവധിയിൽ തുടരുകയും ചെയ്തിരുന്നു. 01/11/2022-ന സേവനത്തിൽ തിരികെ പ്രവേശിക്കേണ്ട ശ്രീമതി.രേഖ.പി.എസ് നിശ്ചിത സമയത്ത് സേവനത്തിൽ തിരികെ പ്രവേശിക്കുകയുണ്ടായില്ല.

30/12/2020-ലെ 83/2020/ധന സർക്കുലറിലെ ഖണ്ഡിക 1 പ്രകാരം KSR ഭാഗം-I അനുബന്ധം XII-A, XII-C എന്നിവ പ്രകാരമോ ഇവ രണ്ടും ചേർത്തോ ഒരു ഉദ്യോഗസ്ഥന് സർവീസ് കാലയളവിൽ അനുവദിക്കാവുന്ന ശൂന്യവേതന അവധി 05/11/2020 മുതൽ പ്രാബല്യത്തിൽ പരമാവധി 5 വർഷമായിരിക്കും എന്നും അവധി അവസാനിക്കുന്ന മുറക്ക്, അഥവാ 5 വർഷത്തിന് ശേഷം തിരികെ ജോലിക്ക് ഹാജരാകാത്ത പക്ഷം KSR ഭാഗം-I അനുബന്ധം XII-A ചട്ടം 9 / XII-C ചട്ടം 10 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.

മേൽ വിവരം ഫിഷറീസ് ജോയിന്റ് ഡയറക്ടർ (മദ്ധ്യ മേഖല) എറണാകുളം ടിയാളെ

അറിയിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം ശൂന്യവേതനാവധി കാലാവധി അവസാനിച്ചതിന്റെ തൊട്ടടുത്ത പ്രവൃത്തി ദിവസത്തിൽ (01/11/2022) ഹാജരാകേണ്ട ശ്രീമതി.രേഖ.പി.എസ് ജോലിക്ക് ഹാജരാകാത്തതിനാൽ അച്ചടക്ക നടപടിയുടെ ഭാഗമായി പരാമർശം(1) പ്രകാരം ചാർജ്ജ് മെമ്മോയും ആരോപണങ്ങളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റും നൽകി. ടി ചാർജ് മെമ്മോ 15/06/2023 തീയതിയിൽ ശ്രീമതി.രേഖ.പി.എസ് കൈപ്പറ്റിയതായുള്ള കൈപ്പറ്റ് രസീത് പരാമർശം(2) പ്രകാരം ലഭ്യമാക്കുകയും നിശ്ചിത സമയത്തിനകം പ്രതിവാദ പത്രിക ലഭ്യമാക്കാത്തതിനാൽ ആയത് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടും നാളിതുവരെ ശ്രീമതി.രേഖ.പി.എസ് സമർപ്പിച്ചിട്ടില്ലെന്ന് പരാമർശം(3) പ്രകാരം അറിയിക്കുകയും ചെയ്തു.

തുടർന്ന് 1960-ലെ കേരളാ സിവിൽ സർവീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി എറണാകുളം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ വിചാരണ അധികാരിയായി നിയമിച്ച് പരാമർശം(4) പ്രകാരം ഉത്തരവ് നൽകി. 09/10/2023 തീയതിയിൽ എറണാകുളം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ വച്ച് നടത്തിയ ഹിയറിംഗിൽ ശ്രീമതി.രേഖ.പി.എസ് ഹാജരാകുകയും നിലവിൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് താല്പര്യമില്ല എന്ന് ബോധിപ്പിക്കുകയും ആയത് ടിയാളുടെ 09/10/2023-ലെ കത്ത് പ്രകാരം രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ടെന്നും പരാമർശം(5) പ്രകാരം എറണാകുളം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തു. ഇതിനെ തുടർന്ന് 1960-ലെ കേരളാ സിവിൽ സർവീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടങ്ങളിലെ ചട്ടം 11 (1) (vii) പ്രകാരം ശ്രീമതി.രേഖ.പി.എസ്-നെ സർവീസിൽ നിന്നും നീക്കം ചെയ്യാൻ താൽക്കാലിക തീരുമാനം എടുക്കുകയും ഇതിനെതിരെ ടിയാൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ നോട്ടീസ് കിട്ടി 15 ദിവസത്തിനകം മറുപടി സമർപ്പിക്കേണ്ടതാണെന്നും നിർദ്ദിഷ്ട തീയതിക്കകം ടിയാളുടെ മറുപടി ലഭിച്ചില്ലെങ്കിൽ ഈ വിഷയത്തിൽ ശ്രീമതി.രേഖ.പി.എസ്-നു യാതൊന്നും ബോധിപ്പിക്കാനില്ല എന്ന അനുമാനത്തിൽ ടി താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് നൽകുന്നതാണെന്നും അറിയിച്ചുകൊണ്ട് പരാമർശം(6) പ്രകാരം നോട്ടീസ് നൽകി.

02/12/2023 തീയതിയിൽ ശ്രീമതി.രേഖ.പി.എസ് നോട്ടീസ് കൈപ്പറ്റിയതായും 09/10/2023 തീയതിയിൽ എറണാകുളം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ വച്ച് നടത്തിയ ഹിയറിംഗിൽ ബോധിപ്പിച്ചതിൽ കൂടുതലായി ഒന്നും ബോധിപ്പിക്കാനില്ല എന്ന് രേഖാമൂലം ടിയാൾ അറിയിച്ചതായി ഫിഷറീസ് ജോയിന്റ് ഡയറക്ടർ പരാമർശം(7) പ്രകാരം റിപ്പോർട്ട് ചെയ്തു.

മേൽ സാഹചര്യത്തിൽ ശ്രീമതി.രേഖ.പി.എസ്-നു ജോലിയിൽ തുടരാൻ താല്പര്യമില്ല എന്ന് ബോധ്യപ്പെട്ടതിനാൽ പരാമർശം(6) പ്രകാരം കൈക്കൊണ്ട താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട് 1960-ലെ കേരളാ സിവിൽ സർവീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടങ്ങളിലെ ചട്ടം 11 (1) (vii) പ്രകാരം ഫിഷറീസ് ജോയിന്റ് ഡയറക്ടർ (മദ്ധ്യ മേഖല), എറണാകുളം ഓഫീസിൽ സീനിയർ ക്ലാർക്ക് ആയ ശ്രീമതി.രേഖ.പി.എസ്-നെ ടിയാൾ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 01/11/2022 തീയതി പ്രാബല്യത്തിൽ സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ടും (Removal from Service) അച്ചടക്ക നടപടികൾ തീർപ്പാക്കിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്/-

ABDUL NASAR.B IAS
DIRECTOR OF FISHERIES

I/83016/2024

സ്വീകർത്താവ് :

ശ്രീമതി.രേഖ.പി.എസ്, സീനിയർ ക്ലാർക്ക്
Flat 5D, Sreerosh Midtown Apartment, Opp.Hotel Benale International,
Thalikkavu, Kannur-670001
(ഫിഷറീസ് ജോയിന്റ് ഡയറക്ടർ (മദ്ധ്യ മേഖല) എറണാകുളം മുഖേന)

<u>പകർപ്പ്:</u>

1. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി എ
2. ഫിഷറീസ് ജോയിന്റ് ഡയറക്ടർ (മദ്ധ്യ മേഖല) എറണാകുളം
   (3 പകർപ്പുകൾ ഇതോടൊപ്പം അയക്കുന്നു. ഒരെണ്ണത്തിൽ ശ്രീമതി.രേഖ.പി.എസ്-ന്റെ പേര്, ഒപ്പ്, തീയതി എന്നിവ രേഖപ്പെടുത്തി മടക്കി നൽകേണ്ടതാണ്)
3. എ സെക്ഷൻ സൂപ്രണ്ട്
4. എ1 സെക്ഷൻ
5. കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

ഫിഷറീസ് അഡീഷണൽ ഡയറക്ടർ(i/c)